**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4828** **01-11-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ നഗരത്തിൽ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നഗരത്തിലെ ഇടത്തോട്ടുകളും കായലുകളും കോർത്തിണക്കി ഒരു പ്രത്യേക ടൂറിസം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ നഗരത്തിലെ ഇടത്തോട്ടുകളും കായലുകളും കോർത്തിണക്കി പ്രത്യേക ടൂറിസം പദ്ധതി നടപ്പാക്കിയിട്ടില്ല. എന്നാൽ ഇവ ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനും ആലപ്പുഴ ബീച്ച് കേന്ദ്രീകരിച്ച് കൂടുതൽ അഡ്വഞ്ചർ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന തോട്ടുകളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആലപ്പുഴ ഡി.ടി.പി.സി, മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് , കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെ കൂടുതൽ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ ഇടത്തോട്ടുകളും ആലപ്പുഴ ബീച്ചും കേന്ദ്രീകരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ